ഉത്തരം

(എ) വി-കെയർ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവന ഉൾപ്പെടെ 50,72,13,651 രൂപ സമാഹരിച്ചിട്ടുണ്ട്.

(സി) വി-കെയർ പദ്ധതി രോഗചികിത്സയ്ക്ക് ധനസഹായം അനുവദിക്കുന്നതിനു വേണ്ടി രൂപപ്പെടുത്തിയ ഒരു പദ്ധതിയല്ല. എന്നിരുന്നാലും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതും സർക്കാരിൽനിന്നും മറ്റ് സാമ്പത്തിക സഹായങ്ങളൊന്നും ലഭിക്കാത്തതും അതീവ ഗുരുതരമായ രോഗം (Severe and critical cases) ബാധിച്ചവർക്ക് വി-കെയർ പദ്ധതിയിൽനിന്ന് ചികിത്സയ്ക്ക് ധനസഹായം നൽകുന്നുണ്ട്.

(ഡി) സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ പദ്ധതികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിനു പുറമേ കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരിൽ നിന്നും മിഷന്റെ പദ്ധതികൾക്കാവശ്യമായ അധിക വിഭവസമാഹരണം നടത്തുക, പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി ജീവകാരുണ്യ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക, നിലവിലുള്ള പ്രോജക്ടുകളുടെയും സ്കീമുകളുടെയും മാനദണ്ഡങ്ങളുടെ പരിധിയിൽ പെടാത്ത സാമൂഹ്യ സുരക്ഷ ആവശ്യമുള്ള ഏതൊരാൾക്കും പരിരക്ഷ നൽകുക തുടങ്ങിയവയാണ് വി-കെയർ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ബാല പീഡന കേസുകൾ

185 (5538) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ബാല പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള പീഡന കേസുകൾ നിയന്ത്രിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 ഏപ്രിൽ മുതൽ 2014-15 മാർച്ച് വരെയുള്ള കാലത്ത് സംസ്ഥാനത്ത് 6919 ബാലപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജുവനൈൽ ജസ്റ്റിസ് ഓഫീസർമാരുടെ സേവനവും ആവശ്യമായ കൗൺസിലിംഗും നടത്തിവരുന്നു. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുക, ഇന്റർനെറ്റ്, മൊബൈൽ പോലുള്ളവയുടെ ചൂഷണങ്ങളിൽ അകപ്പെടാതിരിക്കുക എന്നു ലക്ഷ്യത്തോടെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ കീഴിൽ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതിനു പുറമേ 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' എന്ന പദ്ധതി ആവിഷ്കരിച്ച് കുട്ടികൾക്കിടയിൽ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് നിയമ നടപടികൾ സ്വീകരിച്ച് അവർക്ക് പരമാവധി ശിക്ഷ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ ജില്ലാതല ബോധവത്ക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offenses (POCSO) Act 2012-നെ സംബന്ധിച്ച ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

1. മാസ്റ്റർ ഷഹീക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പീഡനത്തിന് ഇരയാകുന്ന കുട്ടികൾക്ക് അടിയന്തര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000 രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്.

2. ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ശാരീരിക/ലൈംഗിക പീഡനങ്ങൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായവും ചികിത്സാ ചെലവുകളും സംയോജിത ശിശുസംരക്ഷണ പദ്ധതി പ്രകാരം നൽകിവരുന്നു.

കേരള സംസ്ഥാന വനിതാ കമ്മീഷൻ അദാലത്തുകൾ

186 (5539) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ കമ്മീഷനിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ വന്ന പരാതികളിൽ ഓരോ വർഷവും എത്ര പരാതികളിൽ തീർപ്പു കൽപ്പിക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly